

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഓച്ചിറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി.8/2286/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 18/12/2025
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി.8/2286/25 തീയ്യതി: 18/12/2025

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മണിലാൽ. വി	ഡെപ്യൂട്ടി ഡയറക്ടർ	04-11-2025	13-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-11-2025	13-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലാലു ആർ., ഓഡിറ്റ് ഓഫീസർ

ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ്, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി രശ്മി വി.,ഓഡിറ്റർ

ശ്രീമതി ഷംല എം., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബി.ശ്രീദേവി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.ശ്രീരാജ് ആർ.	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാജൻ കെ.	അസി.സെക്രട്ടറി	01-04-2024	31-03-2025
ഡോ. രമ. എസ്	സീനിയർ വെറ്ററിനറി സർജൻ	01-04-2024	31-05-2024
ഡോ. ഗീത ആർ.	സീനിയർ വെറ്ററിനറി സർജൻ	22-07-2024	31-03-2025
ഡോ.ബിനോയി ഡി രാജ്	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-04-2024	31-03-2025
ഡോ.സുബിമോൾ കെ.ബി.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ.രശ്മി എസ്.രാജ്	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-04-2024	19-01-2025
ഡോ.സെയ്വ്വ വി.എസ്.	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	20-01-2025	31-03-2025
ശ്രീമതി ശില്പ ഭദ്രൻ	വി.ഇ.ഒ.	01-04-2024	31-03-2025
ശ്രീമതി ഷീജ എൻ	വി.ഇ.ഒ.	01-04-2024	31-03-2025
ശ്രീമതി നീതു യു.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീമതി ഹരീസ പി.	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ശ്രീ.കെ.ജയകുമാർ	അസ്സി.എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി പ്രീതാകുമാരി ബി.	കൃഷിഓഫീസർ	01-04-2024	10-04-2024

ശ്രീമതി രഞ്ചു എസ്.	കൃഷിഓഫീസർ	10-04-2024	31-03-2025
ശ്രീമതി അമൃത എസ്.	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2024	25-02-2025
ശ്രീമതി പദ്മജാദേവി ആർ.	ഡയറിഫാം ഇൻസ്ട്രക്ടർ	25-02-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	TSC ,ICDS മുന്നിരിപ്പ് തുകയും AFS ലെ മുന്നിരിപ്പ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-2
4	വരവിനത്തിന്റെ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല	1-1-3
5	MGNREGS തൊഴിലാളികളുടെ കൂലി രേഖപ്പെടുത്തിയതിൽ വ്യത്യാസം	1-1-4
6	നഗരസഞ്ചയ ഫണ്ടിനത്തിലുള്ള ചെലവ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല	1-1-5
7	Health Grant അക്കൗണ്ട് 40(b)യിൽ ഉൾപ്പെടുത്തിയില്ല	1-1-6
8	Capital Work In Progress ഇനത്തിൽ രേഖപ്പെടുത്തിയ തുകയിൽ വ്യത്യാസം	1-1-7
9	നഗരസഞ്ചയഫണ്ടിനത്തിൽ Advance നൽകിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല	1-1-8
10	Beneficiary Contribution ഇനത്തിലുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല	1-1-9
11	Prepaid Programe Expenses തുകയിൽ വ്യത്യാസം	1-1-10
12	B-4 നീക്കിയിരുപ്പ് തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല	1-1-11
13	B-4 ലെ തുകയും 40(b)യിലെ തുകയും പൊരുത്തപ്പെടുന്നില്ല	1-1-12
14	ബജറ്റ്	1-2
15	സാമ്പത്തിക വിശകലനം	1-3
16	ഗ്രാന്റ് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
19	ക്ഷേമപദ്ധതികൾ	1-7
20	ക്യാഷ് പരിശോധന	1-8
21	ആഭ്യന്തരനിയന്ത്രണം	1-9
22	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
23	വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു	1-11
24	പ്രാഥമിക മേഖലയിലെ കെട്ടിടത്തെ ദ്വിതീയ മേഖലയിൽ	1-12

	ഉൾപ്പെടുത്തി 10% നികുതി ഇളവ് നൽകി	
25	ലൈഫ് ഭവന പദ്ധതി-ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചില്ല	1-13
26	പാലിനു സബ്സിഡി -അധികം നൽകിയ 14,737/- രൂപ ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് തിരികെ ഒടുക്കി	1-14
27	ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.	1-15
28	സ്കൂളുകളിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ - സ്റ്റോർ പർച്ചേസ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല	1-16
29	ജനറൽ കമ്മിറ്റി മിനിട്സിന് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല	1-17
30	വിവിധ റോഡ് പ്രവൃത്തികൾ- ബാരൽ വില ഈടാക്കിയില്ല.	1-18
31	മുല്ലശ്ശേരി മാർക്കറ്റ് റോഡ് ഇന്റർലോക്കിംഗ് നാലാം ഘട്ടം - കരാറിൽ മതിയായ Defect Liability Period ഉൾപ്പെടുത്തിയില്ല.	1-19
32	എൽ പി സ്കൂളുകളിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ - Drinking Water ATM/ Water Vending Machine-ന്റെ വില നൽകി- സ്ഥാപിച്ചത് R O പ്ലാന്റ്- ₹ 9,97,000/- തടസ്സപ്പെടുത്തുന്നു	1-20
33	വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹ 47453 തടസ്സപ്പെടുത്തുന്നു.	1-21
34	കുറ്റിക്കുരുമുളക് പ്രോജക്ട്-നിർവഹണത്തിൽ അപാകതകൾ	1-22
35	വയോജനങ്ങൾക്ക് ഗ്ലൂക്കോസ് സ്ട്രിപ്പ് വാങ്ങിയത് - സ്റ്റോക്ക് രജിസ്റ്റർ ഹാജരക്കിയില്ല	1-23
36	സ്മാർട്ട് അങ്കണവാടി പ്രോജക്ട്-നിർവഹണത്തിൽ അപാകതകൾ	1-24
37	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-25
38	ജൽജീവൻമിഷൻ അവലോകനം	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2

3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-9
10	ചാർജ് / സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28/7/2025 ലെ 5(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31/7/2025 ന് എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2024–25 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 18.12.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1–1–1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ

ഉൾപ്പെട്ടിട്ടില്ല.

1-1-2 TSC ,ICDS മുന്നിരിപ്പ് തുകയും AFS ലെ മുന്നിരിപ്പ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു

TSC മുന്നിരിപ്പ് തുക AFS പ്രകാരം- 432456/-
LEDGER പ്രകാരം മുന്നിരിപ്പ്- 431893/-
ICDS മുന്നിരിപ്പ് തുക AFS പ്രകാരം- 5052646/-
LEDGER പ്രകാരം മുന്നിരിപ്പ്- 5061746/-

1-1-3 വരവിനത്തിന്റെ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല

Advance Collection Of Revenues Rent ഇനത്തിലുള്ള 7254/- രൂപയുടെ രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഇല്ല.

1-1-4 MGNREGS തൊഴിലാളികളുടെ കൂലി രേഖപ്പെടുത്തിയതിൽ വ്യത്യാസം

MGNREGS തൊഴിലാളികളുടെ കൂലി AFS പ്രകാരം- 36722760/-
കാഷ് ബുക്ക് പ്രകാരം - 36036000/-

1-1-5 നഗരസഞ്ചയ ഫണ്ടിനത്തിലുള്ള ചെലവ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല

നഗരസഞ്ചയ ഫണ്ടിനത്തിൽ വരവ് വന്ന തുകയിൽ 99200/- വി.ഇ.ഒ യുടെ പ്രോജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ ചെലവ് രേഖപ്പെടുത്തിയില്ല. നീക്കിയിരുപ്പ് തുകയോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-6 Health Grant അക്കൗണ്ട് 40(b)യിൽ ഉൾപ്പെടുത്തിയില്ല

Health Grant അക്കൗണ്ട് നം. 847110110008350 വാർഷിക കണക്കിലെ 40(B) യിൽ ഉൾപ്പെടുത്തിയില്ല.

1-1-7 Capital Work In Progress ഇനത്തിൽ രേഖപ്പെടുത്തിയ തുകയിൽ വ്യത്യാസം

Capital Work In Progress ഇനത്തിൽ ഉൾപ്പെട്ട തുക AFS പ്രകാരം-4250895/-
AE സമർപ്പിച്ച പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം-4190235/-

1-1-8 നഗരസഞ്ചയഫണ്ടിനത്തിൽ Advance നൽകിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

നഗരസഞ്ചയ ഫണ്ടിനത്തിൽ Irrigation Department നു Deposit Work നു നൽകിയ തുകയുടെ വിശദാംശങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

1-1-9 Beneficiary Contribution ഇനത്തിലുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല

Beneficiary Contribution ഇനത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല.

1-1-10 Prepaid Programe Expenses തുകയിൽ വ്യത്യാസം

Prepaid Programe Expenses തുക Loan രജിസ്റ്റർ പ്രകാരം -40189491/-
വാർഷിക കണക്ക് പ്രകാരം-36787353

1-1-11 B-4 നീക്കിയിരുപ്പ് തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല

Grant Fund From Other Govt Agencies, Other Financial Institution എന്നീയിനത്തിലുള്ള നീക്കിയിരുപ്പ് തുകയുടെ വിശദാംശം, നിലനിർത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ എന്നിവ ലഭ്യമാക്കിയില്ല.

1-1-12 B-4 ലെ തുകയും 40(b)യിലെ തുകയും പൊരുത്തപ്പെടുന്നില്ല

CFC TIED & UNTIED B4-പ്രകാരമുള്ള തുക-6982692
40(b) പ്രകാരമുള്ള തുക-6992837/-

1-2 ബജറ്റ്

2024-25 ലെ ബജറ്റ് 14.02.24 ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 21.02.25 ലെ 1 (1) നം. തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹39616236/-
വരവ്	₹77997677/-
ആകെ	₹117613913/-
ചെലവ്	₹64472649/-
നീക്കിയിരിപ്പ്	₹53141264/-
വരവിനത്തിലുള്ള നഷ്ടം	ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക/നിരാകരിക്കുന്ന തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹ 11,02,148/-

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്(₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്/ലാപ്സായ തുക (₹)
വികസന ഫണ്ട് (ജനറൽ)	0	19234000/-	19234000/-	19231658/-	2342/-
വികസന ഫണ്ട് (എസ്.സി.പി)	0	7477000/-	7477000/-	6911223/-	56577/-
സി.എഫ്.സി. ടൈഡ് (ബാങ്ക്)	253614	7304000	7050386	2684788	4365598
സി.എഫ്.സി. ടൈഡ് ’ട്രഷറി		331308	331308	0	331308
സി.എഫ്.സി. അൺടൈഡ് (ബാങ്ക്)	1344979	3377342	4722321	2105227	2617094
സി.എഫ്.സി. അൺടൈഡ്ട്രഷറി	0	0	0	0	0
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	18238000	18238000	18238000	0
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	8040000	8040000	7183740	856260
കേന്ദ്രാവിഷ്കൃത ഗ്രാന്റ്					
MNREGS	4713	1139976	1144689	961750	182939
ICDS	5061746	2261760	7323506	2497034	4826472
ഹെൽത്ത് ഗ്രാന്റ്, വെൽനസ്സ് സെന്റർ	8130	641319	649449	0	649449
ഹെൽത്ത് ഗ്രാന്റ്, ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	17635	404697	422332	0	422332
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ					
ലൈഫ് സംസ്ഥാന വിഹിതം	205000	2100000	2305000	1280000	1025000
TSC	431893	12560	444453	0	444453
ശുചിത്വ മിഷൻ	115577	690000	805577	690000	115577
Fund For Transferred Institution- Ayurveda	500000	0	500000	489669	10331
Grant From Other Financial Institution	200000	0	200000	0	200000
Grant From Other Government Agency	127301	0	127301	0	127301
സാക്ഷരത	1583	54	1637	59	1578
നഗരസഞ്ചയ ഫണ്ട്	99200	10117936	10217136	10099200	117936

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയതിന്റെ വിവരം എന്നിവ താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

206	207861977/-	149	91746888/-	0	57	72.33%

1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണ ചെലവുകൾ	4713	1139976/-	1144689/-	961750/-	182939/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	36036000/-	36036000/-	36036000/-	0

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതികളുടെ പേര്	ചെലവഴിച്ച തുക (₹)
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	30000/-
കർഷകതൊഴിലാളി പെൻഷൻ	4554400/-
വിധവാ പെൻഷൻ	16670800/-
വാർദ്ധക്യകാല പെൻഷൻ	37036800/-
ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	5665900/-
അവിവാഹിതരായ 50 വയസിന് മുകളിലുള്ള വനിതൾക്കുള്ള പെൻഷൻ	670800/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.2025 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,500/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം നാളിതുവരെയായും പൂർത്തിയായിട്ടില്ല. വസ്തു നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. ജനറൽ കമ്മിറ്റി മിനിട്സ് സമയ ബന്ധിതമായി അംഗീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിവിധ സർക്കാർ ഏജൻസികളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ചിരിക്കുന്ന തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	20.07.2022 മുതൽ 23.07.2022 വരെ	01.04.2022 മുതൽ 30.06.2022 വരെ	ലഭിച്ചില്ല
അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	18.08.25	2024-25	08.10.25

1-11 വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

സഞ്ചയ പരിശോധിച്ചതിൻ പ്രകാരം ചുവടെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്.

ക്രമ നം.	കെട്ടിട ഉടമയുടെ വിവരങ്ങൾ/കെട്ടിടത്തിൻറെ ഉപയോഗക്രമം	കുടിശ്ശിക കാലയളവ്	വസ്തു നികുതി	Library Cess	ആകെ

			കുടിശ്ശിക	(2)₹	
1	റിലയൻസ് ഇൻഡ്യ, 2/850, ടവർ	2013-2024	36133/-	1807	37940/-
2	എയർസെൽ 3/5, ടവർ	2015-2024	47760	2388	50148/-
3	എയർസെൽ 13/586, ടവർ	2019-2024	33224/-	1661/-	34885/--
4	അജിത്/രശ്മി, നന്ദനം, ചങ്ങൻകുളങ്ങര, പാർപ്പിടാവശ്യം, 13/617	2013-2024	14898/-	745/-	15643/-
5	ശശിധരൻ, പുത്തൻവീട്ടിൽ, വവ്വാക്കാവ്, ആഡിറ്റോറിയം 13/23	2013-2024	492603/-	24630/-	517233/-
6	ജയചന്ദ്രൻ, പൈങ്കിളി പാലസ്, വവ്വാക്കാവ്, പാർപ്പിടാവശ്യം, 13/576	2023-2024	1745/-	88/-	1833/-
7	ജയചന്ദ്രൻ.കെ, പൈങ്കിളി പാലസ്, വവ്വാക്കാവ്, ഷോപ്പുകൾ, 13/580	2023-24	2417/-	121/-	2538/-
8	ജയചന്ദ്രൻ.കെ, പൈങ്കിളി പാലസ്, വവ്വാക്കാവ്, ഷോപ്പുകൾ, 13/581	2023-24	2417/-	121/-	2538/-
9	ജയചന്ദ്രൻ.കെ, പൈങ്കിളി പാലസ്, വവ്വാക്കാവ്, ഷോപ്പുകൾ, 13/582	2023-24	2417/-	121/-	2538/-
10	ജയചന്ദ്രൻ.കെ, പൈങ്കിളി പാലസ്, വവ്വാക്കാവ്, ഷോപ്പുകൾ.13/583	2023-24	1397/-	70/-	1467/-
11	ജയചന്ദ്രൻ.കെ, പൈങ്കിളി പാലസ്, വവ്വാക്കാവ്, ഷോപ്പുകൾ,13/584	2023-24	1397/-	70/-	1467/-
12	ജയചന്ദ്രൻ.കെ, പൈങ്കിളി പാലസ്, വവ്വാക്കാവ്, ഷോപ്പുകൾ13/585	2023-24	1397/-	70/-	1467/-
13	ഹരികുമാർ, ഇലവിൻ മൂട്ടിൽ, തുക്കോവിൽവട്ടം, വവ്വാക്കാവ്, പാർപ്പിടാവശ്യം, 14/175	2013-2024	15513/-	776/-	16289/-
14	ജയചന്ദ്രൻ.കെ, പൈങ്കിളി പാലസ്, വവ്വാക്കാവ്, കഞ്ഞവണ്ടി ഫാക്ടറി ഷെഡ്.14/478	2022-2024	7314/-	366/-	7680/-
15	പ്രസന്നൻ, ചൂളൂർ, വലിയകുളങ്ങര, ഓച്ചിറ, പാർപ്പിടാവശ്യം, 15/391	2023-24	3444/-	172/-	3616/-
16	അലിയാര്കുഞ്ഞ്, കളത്തുംമുറി പടീറ്റതിൽ, ഓച്ചിറ, പാർപ്പിടാവശ്യം, 17/41	2013-2024	7575/-	379/-	7954/-
17	പ്രസിഡൻറ് സെക്രട്ടറി, പട്ടികജാതി സർവ്വീസ് സഹകരണ സംഘം, മഠത്തിൽകാരാണ്മ, സ്വകാര്യാവശ്യതിനുള്ള ഓഫീസ് കെട്ടിടം, 11/330	2013-2024	26002/-	1300/-	27302/-
18	ഡി ശശി. ശ്രീ ശക്തി കയർ ഇൻഡസ്ട്രീസ്, ഐനോലിൽ വടക്കതിൽ (പുലിമുഖത്ത് വരിക്കോലിൽപുത്തൻ വീട്, വെട്ടിക്കോട്ട്, മഠത്തിൽകാരാണ്മ കയർ പിരി ഷെഡ്, 8/296	2013-2024	23627/-	1181/-	24808/-
19	അസീസ്, അസീസ് നിവാസ്, ഓച്ചിറ, ഗോഡൌൺ, 10/81	2019-24	9537/-	477/-	10014/-
20	അബ്ദുൽ റഷീദ്പുത്തനയ്യത്ത്, മേമന, ഓച്ചിറ, പാർപ്പിടാവശ്യം, 10/759	2020-24	2875/-	144/-	3019/-
21	പ്രസിഡന്റ്/ സെക്രട്ടറി, പട്ടികജാതി സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് കൃ 870, കൊറ്റമ്പള്ളി,മഠത്തിൽകാരാണ്മ, ഷോപ്പുകൾ	2018-24	5169	258	5427

ആകെ		738861/-	36945/-	775806/-

സഞ്ചയയിൽ 2013 മുതലുള്ള കുടിശ്ശിക വിവരങ്ങളെ ലഭ്യമായിട്ടുള്ളു. 2013 മുതൽ കുടിശ്ശിക ഉള്ള കെട്ടിടങ്ങൾക്ക് മുൻ കാലയളവിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ടെങ്കിൽ വിശദാംശവും ലൈബ്രറി സെസ്സ് ഉൾപ്പെടെ നാളിതുവരെയുള്ള വസ്തു നികുതി കുടിശ്ശിക മേൽ വ്യക്തികളിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരങ്ങളും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക്, മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആർ.ആർ നടപടിയുടെ തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്. സമയബന്ധിതമായി നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നമ്പർ 07/07.11.25

1-12 പ്രാഥമിക മേഖലയിലെ കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% നികുതി ഇളവ് നൽകി

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ ഫോറം 6 രേഖകളും, 2023 വസ്തു നികുതി പരിഷ്കരണ രേഖകളും പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വഴി സൌകര്യമുള്ള പ്രാഥമിക മേഖലയിലെ കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% നികുതി ഇളവ് നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

വാർഡ്/ കെട്ടിട നമ്പർ	ഉടമയുടെ പേര്	വിസ്തീർണ്ണം ച.മിറ്റർ	ഉപയോഗക്രമം	നിരക്ക് (ച.മീറ്റർ)	റോഡ് (5 മീറ്ററിൽ കൂടുതൽ)	നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി	ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം ഇളവ് നൽകിയതിനാൽ വസ്തു നികുതിയിൽ കുറവുണ്ടായ തുക
1/880	ശ്രീമതി രാജിനി ,മണ്ടത്ത്	205.74	പാർപ്പിടം	9.45	മുണ്ടുകോട്ട - തോപ്പിൽ മുക്ക് റോഡ്	1944.243	194.4243

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകുയറിയ്ക്ക്, മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ച്, കുടിശ്ശിക ഈടാക്കി വിവരം അറിയിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കി. വസ്തു നികുതി പുനർ നിർണ്ണയിച്ച്, കുടിശ്ശിക തുക ഈടാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നമ്പർ 16 /12.11.25

1-13 ലൈഫ് ഭവന പദ്ധതി-ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം 2021-22 മുതൽ 2024-25 സാമ്പത്തിക വർഷം വരെ ധനസഹായം കൈപ്പറ്റിയവരിൽ 8 ഗുണഭോക്താക്കൾ വീടു പണി പൂർത്തികരിച്ചില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ലൈഫ് ഭവന പദ്ധതി - എസ്സ്.സി

ക്രമ നം.	പേര്, മേൽ വിലാസം	നൽകിയ തുക/ബിൽ നം./തീയതി
1	ശ്രീമതി ഓമന ചന്ദ്രൻ, കുഴവേലിൽ, പായിക്കുഴി	40000/-9/31.08.24
2	ശ്രീമതി അമ്മിണി, ഗിരീഷ് ഭവനം, ഞാക്കനാൽ	40000/--11/19.09.24
3	ശ്രീമതി രാജി വാഴപ്പള്ളിൽതെക്കതിൽ, ചങ്ങൻ കുളങ്ങര	40000/-289/19.02.21
4	ശ്രീമതി പ്രീത, ലക്ഷം വീട്, ഓച്ചിറ	40000/-38/21.06.23
5	ശ്രീമതി വാസന്തി, പൂവിശ്ശേരിൽ കിഴക്കതിൽ, ഞാക്കനാൽ	40000/-38/21.06.23

2. ലൈഫ് ഭവന പദ്ധതി - ജനറൽ

ക്രമ നം.	പേര്, മേൽ വിലാസം	നൽകിയ തുക/ബിൽ നമ്പർ/തീയതി

1	ശ്രീമതി ശ്രീകല, പുളിക്കക്കുടിയിൽ	40000/-7/17.12.24
2	ശ്രീമതി ന്യർജഹാൻ, വല്ല്യത്ത് വീട്	40000/-3/19.07.24,160000/-415/30.12.24
3	ശ്രീമതി രമണി, മറ്റത്ത് വീട്	40000/-478/11.02.25,160000/-642/27.03.25

മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ലൈഫ് ഭവന പദ്ധതി - എസ്സ്.സി ക്രമ നമ്പർ 1, 5 പ്രകാരമുള്ള ഗുണഭോക്താക്കൾ ഒന്നാം ഘട്ടം പണി പൂർത്തീകരിച്ചതിനാൽ രണ്ടാം ഗഡു നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ 2, 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും ഇവർക്കെതിരെ ആർ.ആർ. നടപടികൾക്ക് ശിപാർശ ചെയ്യുന്നതാണെന്നും ക്രമ നമ്പർ 4 ഗുണഭോക്തവ് നൽകിയ തുക പലിശ സഹിതം തിരിച്ചടയ്ക്കാമെന്നറിയിച്ചിട്ടുണ്ടെന്നും, ലൈഫ് ഭവന പദ്ധതി - ജനറൽ ക്രമ നമ്പർ 1 ഗുണഭോക്താവിന്റെ വസ്തു സ്ഥിതി ചെയ്യുന്നത് താഴ്ന്ന വെള്ളക്കെട്ടുള്ള പുരയിടത്തിലായതിനാൽ മണ്ണിട്ടു നികത്തി വീടു പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും ക്രമ നമ്പർ 2, 3 ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിക്കാത്ത പക്ഷം ആർ.ആർ. നടപടികൾക്ക് ശിപാർശ ചെയ്യുന്നതാണെന്നും മറുപടി നൽകി. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെയും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-11/10.11.25

1-14 പാലിനു സബ്സിഡി -അധികം നൽകിയ 14,737/- രൂപ ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് തിരികെ ഒടുക്കി

നിർവഹണോദ്യോഗസ്ഥൻ	ക്ഷീര വികസന ഓഫീസർ
പദ്ധതി വിവരം	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം. 15/25)
അടങ്കൽ തുക	1000000/- രൂപ (വികസന ഫണ്ട്) 1000000/- രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 1000000/- രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ് തുക	8,54,249/- രൂപ (വികസന ഫണ്ട്) 5,31,645/- രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 1,65,729/- രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)

സബ്സിഡി മാർഗ്ഗ രേഖ ഉത്തരവ് നം.സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ. തീയതി.28.05.2022, ഖ. 6.3 ക്രമ നമ്പർ 9 പ്രകാരം പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/- രൂപയാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവ് പാലിക്കാതെ 2024-25 വർഷത്തിൽ 40,000/- രൂപയിൽ കൂടുതൽ നൽകിയിട്ടുള്ള സബ്സിഡിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര് വിവരം	അനുവദിച്ച സബ്സിഡി	UTR No.	സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം	അധികം അനുവദിച്ച തുക(രൂപ)
Smt. ANANDAVALLIAMMA OACHIRA KUCS KANNADIYIIL A/C N0.114812327000898	16101.00	RBI0742502084454	Oachira Grama Panchayath	
	24687.00	RBI0742502084496	Oachira Grama Panchayath	
ആകെ	**40788.00**			**788.00**
Smt. NUJOOM.A OACHIRA KUCS MULAVANA A/C No.114812301200964	27609.00	RBI0742502084481	Oachira Grama Panchayath	
	26340.00	RBI0742502083636	Oachira Grama Panchayath	
ആകെ	53949.00			13949.00
ആകെ അധികരിച്ച് നൽകിയ സബ്സിഡി				14737.00

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയുടെ അടിസ്ഥാനത്തിൽ അധികം നൽകിയ തുകയായ 14,737/- രൂപ (രസീത് നം. KL033026248202526E/06.11.2025 -788/- രൂപ & രസീത് നം. KL033028023202526E/06.11.2025-13949/-രൂപ) ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കി ട്രഷറിയിൽ 3604-00-911-99-00 Recoveries Of Over Payments എന്ന ഹെഡിൽ 06.11.25 ന് അടവു വരുത്തി രേഖകൾ ഹാജരാക്കുകയുണ്ടായി. സബ്സിഡി അനുവദിക്കുമ്പോൾ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നം. 12/11.11.2025

1-15 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

പ്രോജക്ട് നം- 10/25
അടങ്കൽ - ₹200000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ് - ₹200000/- (ബിൽ നം.1/08.01.2025)

2024-25 ൽ മെഡിക്കൽ ഓഫീസർ-ഹോമിയോ നിർവ്വഹണം നടത്തിയ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്നിനായി ഹോംകോയിൽ ഒടുക്കിയ 2,00,000/- രൂപയിൽ, 57,695/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ ഫണ്ടിനം.	ഹോംകോ യിൽ നൽകിയ തുക (രൂപ)	ബിൽ നം./ തീയതി	ലഭിച്ച മരുന്നുകളുടെ വില (രൂപ)	ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ)
10/25- ഹോമിയോ മരുന്നു വാങ്ങൽ	2,00,000/-	1/ 08.01.2025	1,05,556/- Inv. No. LF-9/23.04.25 36,749/- Inv. No.LF 1133/13.08.35 ---------- ആകെ - 1,42,305/-	57,695/-

അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി നൽകിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നത് വരെ 57,695/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സ്റ്റോക്കിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക - 57,695/- രൂപ
ഓഡിറ്റ് എൻകയറി നം. 21/13.11.2025

1-16 സ്കൂളുകളിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ -സ്റ്റോർ പർച്ചേസ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം- 157
അടങ്കൽ- 441791/- (തനത് ഫണ്ട്)
ചെലവ്- 441791/- (BKIDH24320111441)
അടങ്കൽ- 458209 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)
ചെലവ്- 458209 (ACR ബിൽ നം-146/18-10-24,147/18-10-24,148/18-10-24,149/18-10-24)
ആകെ അടങ്കൽ- 900000/-
ചെലവ്- 900000/-
2024-25 വർഷം എച്ച്.എം നിർവഹണം നടത്തിയ പദ്ധതിയാണ് കൊറ്റമ്പള്ളി എൽ.പി സ്കൂളിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ. പ്രസ്തുത പദ്ധതി പ്രകാരം ടെണ്ടർ വിളിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആർട്കോ ലിമിറ്റഡിന്റെ പ്രൊഫോർമ ഇൻവോയ്സ് 29/1/24-ലെ 3(4) നം. കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും ആർട്ട്കോയിൽ നിന്ന് 900000/- രൂപയ്ക്ക് Table And Chair, Aluminium Window, Android

Panel എന്നിവ വാങ്ങുകയും ചെയ്തു. സ്റ്റോർപർച്ചേസ് മാന്വലിലെ ഖ 1-9മുതൽ 1-15 വരെ E-Procurement നടപടികളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. സ.ഉ.എം.എസ്.നം.13/2015//ltd Dtd 12/5/15 പ്രകാരം 500000/- രൂപക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ഇ-പ്രൊക്യൂർമെന്റ് ബാധകമാക്കിയിട്ടുമുണ്ട്. ആയതു പ്രകാരം ഈ പദ്ധതിയിൽ ഇ-പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിച്ച് വാങ്ങൽ നടപടി പൂർത്തീകരിക്കാഞ്ഞതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പർച്ചേസ് നടപടികൾ സ്റ്റോർപർച്ചേസ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് പൂർത്തീകരിക്കുന്നതിന് വരും വർഷങ്ങളിലെ പദ്ധതി നിർവഹണത്തിൽ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നം- 17/13-11-2025

1-17 ജനറൽ കമ്മിറ്റി മിനിട്സിന് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമനം	യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അംഗീകരിച്ച തീയതി
1	8.04.24	16.05.24	16.05.24
2	06.05.24	21.06.24	21.06.24
3	14.05.24	21.06.24	21.06.24
4	31.05.24	20.08.24	20.08.24
5	25.06.24	05.11.24	05.11.24
6	01.07.24	10.07.24	10.07.24
7	23.07.24	06.12.24	06.12.24
8	13.08.24	29.10.24	29.10.24
9	31.08.24	07.11.24	07.11.24
10	10.09.24	07.11.24	07.11.24
11	30.09.24	29.10.24	29.10.24
12	08.10.24	29.10.24	29.10.24
13	25.10.24	06.12.24	06.12.24
14	30.10.24	28.01.25	28.01.25
15	11.11.24	20.03.25	20.03.25
16	15.11.24	06.12.24	06.12.24
17	26.11.24	20.03.25	20.03.25
18	16.11.24	06.12.24	06.12.24
19	10.12.24	11.03.25	11.03.25
20	31.12.24	20.03.25	20.03.25
21	15.01.25	02.05.25	02.05.24
22	03.01.25	27.01.25	27.01.25
23	15.01.25	01.04.25	01.04.25
24	01.02.25	29.05.25	29.05.25
25	12.02.25	01.04.25	01.04.25
26	17.02.25	29.05.25	29.05.25

27	21.02.25	03.06.25	03.06.25
28	25.02.25	03.06.25	03.06.25
29	28.02.25	30.06.25	30.06.25
30	12.03.25	21.07.25	21.07.25
31	14.03.25	03.06.25	03.06.25
32	27.02.25	03.06.25	03.06.25
33	22.03.25	03.09.25	03.09.25
34	28.03.25	21.07.25	21.07.25

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻകയറിക്ക്, ഓച്ചിറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയിൽ ആർക്കും വ്യക്തമായ ഭൂരിപക്ഷം ഇല്ലാത്തതിനാൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ പലപ്പോഴും കാലതാമസം ഉണ്ടാകാറുള്ളതുകൊണ്ടാണ് മിനിട്സ് സമയബന്ധിതമായി അംഗീകരിക്കുവാൻ കഴിയാത്തതെന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(8) അനുശാസിക്കും വിധം സമയബന്ധിതമായി മിനിട്സ് അംഗീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ- 06/ 06.11.25

1-18 വിവിധ റോഡ് പ്രവൃത്തികൾ- ബാരൽ വില ഈടാക്കിയില്ല.

അസി എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥാനായി നടപ്പിലാക്കിയ താഴെ പറയുന്ന റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവ് ചെയ്തിട്ടില്ല.

1. പദ്ധതി - 118/ 25 സത്യാലയം മുക്ക് - മുല്ലശ്ശേരിമുക്ക് റോഡ് റീ ടാറിംഗ് - വാർഡ് 3

അടങ്കൽ - 4,97,377/- (വികസന ഫണ്ട്)

8452/- (തനത് ഫണ്ട്)

ചെലവ് - 4,97,377/- (ബിൽ നം 9/ 9.05.25 - എ സി ആർ)

കരാറുകാരൻ ഹരികുമാർ കെ (PAC 837999/-)

കരാർ 34/ AE/ LID&EW/OGP/23-24/ 01.11.23

2. പദ്ധതി - 42/ 25 മീനത്തേരിൽമുക്ക് - റെയിൽവേ ക്രോസ് ജം റീ ടാറിംഗ് - വാർഡ് 9

അടങ്കൽ - 11,20,000/- (മെയിൻ്റ്നൻസ് ഗ്രാന്റ് - റോഡ്)

ചെലവ് - 11,15,186/- (ബിൽ നം 268/ 27.01.25 - എ സി ആർ)

കരാറുകാരൻ അനിക്കുട്ടൻ റ്റി (PAC 9,48,764/-)

കരാർ 14/ AE/ LID&EW/OGP/24-25/ 16.10.24

3. 135/ 25 തിരുവോണാട്ട് ജംഗ്ഷൻ - റെയിൽവേ സ്റ്റേഷൻ റോഡ് റീ ടാറിംഗ് - വാർഡ് 5

അടങ്കൽ - 9,79,752/- (മെയിൻ്റ്നൻസ് ഗ്രാന്റ് - റോഡ്)

ചെലവ് - 19,79752/- (ബിൽ നം 41/ 27.06.24,111/ 31.08.24 - എ സി ആർ)

കരാറുകാരൻ അനിക്കുട്ടൻ റ്റി (PAC 9,48,764/-)

കരാർ 14/ AE/ LID&EW/OGP/24-25/ 16.10.24

4. 120/ 25 പള്ളിമുക്ക് - തയ്യിൽമുക്ക് രണ്ടാംഘട്ട റീടാറിംഗ് - വാർഡ് 10

അടങ്കൽ - 538453/- (മെയിൻ്റനൻസ് ഗ്രാന്റ് - റോഡ്)

ചെലവ് - 5,28,452/- (ബിൽ നം 44/ 27.06.24, - എ സി ആർ)

കരാറുകാരൻ ഹരികുമാർ കെ (PAC 456316/-)

കരാർ 36/ AE/ LID&EW/OGP/23-24/ 01.11.23

5. 126/ 25 വഞ്ചിത്തറ ജംഗ്ഷൻ എ കെ ജി ജംഗ്ഷൻ ഓടയും റീ ടാറിംഗും വാർഡ് 10

അടങ്കൽ - 481370/- (മെയിൻ്റനൻസ് ഗ്രാൻ്റ് - റോഡ്)

ചെലവ് - 440831/- (ബിൽ നം 42/ 27.06.24, - എ സി ആർ)

കരാറുകാരൻ ഹരികുമാർ കെ (PAC 895077/-)

കരാർ 32/ AE/ LID&EW/OGP/23-24/ 01.11.23

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക്, ബാരൽ വില അടവാക്കുന്നതിന് കരാറുകാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും തുക അടവാക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ബാരൽ വില ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നമ്പർ - 26/13.11.25

1-19 മുല്ലശ്ശേരി മാർക്കറ്റ് റോഡ് ഇൻ്റർലോക്കിംഗ് നാലാം ഘട്ടം - കരാറിൽ മതിയായ Defect Liability Period ഉൾപ്പെടുത്തിയില്ല.

പദ്ധതി നം. - 163/ 25- മുല്ലശ്ശേരി മാർക്കറ്റ് റോഡ് ഇൻ്റർലോക്കിംഗ് നാലാം ഘട്ടം വാർഡ് 2

അടങ്കൽ - 505000 (മെയിൻ്റനൻസ് ഗ്രാൻ്റ്- റോഡ്)

ചെലവ് - 425742 (ബിൽ നം 25/ 24-25/ 24.12.14)

ചീഫ് എൻജിനിയറുടെ 04.07.2022ലെ DB3/ 5215/ 2013/ CE/ LSGD സർക്കുലർ പ്രകാരം ഇൻ്റർലോക്ക് റോഡുകൾക്ക് Defect Liability Period 5 വർഷത്തിൽ കുറയാത്ത രീതിയിൽ ടെണ്ടർ നിബന്ധനകളിൽ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മേൽ പ്രവൃത്തിയുടെ കരാർ പരിശോധിച്ചതിൽ Defect Liability Period 3 വർഷമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻകുയറി നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തിയുടെ Defect Liability Period 5 വർഷം ഉൾപ്പെടുത്തി പുതുക്കിയ കരാർ ചമച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നമ്പർ - 05/05.11.25

1-20 എൽ പി സ്കൂളുകളിൽ ടീറ്റ്മെൻ്റ് പ്ലാൻ്റ് സ്ഥാപിക്കൽ -Drinking Water ATM/ Water Vending Machine-ൻ്റെ വില നൽകി- സ്ഥാപിച്ചത് R O പ്ലാൻ്റ്- ₹ 9,97,000/- തടസ്സപ്പെടുത്തുന്നു

പദ്ധതി നം. - എസ് ഓ 54/25 -എൽ പി സ്കൂളുകളിൽ ടീറ്റ്മെൻ്റ് പ്ലാൻ്റ് സ്ഥാപിക്കൽ

അടങ്കൽ - ₹ 958000/- (ധനകാര്യ കമ്മീഷൻ ഗ്രാൻ്റ്)

₹ 42000/- (തനത് ഫണ്ട്)


ചെലവ് - ₹ 9,97,000/- വൗച്ചർ നം XVFC/ 2024-25/ P/ 45, 46/ 28.03.25, 48/ 29.03.25

അസി. എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ 4 എൽ പി സ്കൂളുകളിൽ വാട്ടർ ടീറ്റ്മെൻ്റ് പ്ലാൻ്റുകൾ സ്ഥാപിക്കുവാനാണ് വിഭാവനം ചെയ്തിരുന്നത്. GEM മുഖേന ടെണ്ടർ പരസ്യം നൽകുകയും (Bid No GEM/ 2025/ B/ 6014579/ 03.03.25) കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത (@2,49,250) Warer World, Haya Tower, West Fort, Thrissur എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും 4 എൽ പി സ്കൂളുകളിൽ പ്ലാൻ്റ് സ്ഥാപിച്ചതിന് ₹ 9,97,000/- (2,49,250x4) ചെലവഴിക്കുകയും ചെയ്തു. മേൽ പദ്ധതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

ഗ്രാമപഞ്ചായത്ത് GEM ൽ നൽകിയ ടെണ്ടർ ഡോക്കുമെൻ്റിൽ Drinking Water ATM/ Water Vending Machine (Version 2) ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത Warer World എന്ന സ്ഥാപനം ഹാജരാക്കിയ സ്പെസിഫിക്കേഷനും Drinking Water ATM/ Water Vending Machine (Version 2) പ്രകാരമുള്ളതാണ്. എന്നാൽ സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം (Invoice No WW238/ 21.03.25) 250 LPH RO PLANT ആണ് സ്ഥാപിച്ചിരിക്കുന്നത്. തുടർന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിലും 250 LPH RO PLANT ആണ് സ്ഥാപിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെട്ടു. GEM മുഖേന Drinking Water ATM/ Water Vending Machine (Version 2) സ്ഥാപിക്കുവാൻ ടെണ്ടർ വിളിക്കുകയും ടെണ്ടർ സ്വീകരിച്ച സ്ഥാപനം ടെണ്ടർ പ്രകാരമുള്ള സ്പെസിഫിക്കേഷൻ അംഗീകരിച്ച് ടെണ്ടർ സ്വീകരിക്കുകയും Drinking Water ATM സംബന്ധിച്ച സ്പെസിഫിക്കേഷൻ ഹാജരാക്കുകയും

തുടർന്ന് 250 LPH RO PLANT മാത്രം സ്ഥാപിക്കുകയും Drinking Water ATM/ Water Vending Machine (Version 2) എന്ന ഇനത്തിനുള്ള തുക ഈടാക്കുകയും ചെയ്തിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻകയറിക്ക്, R O പ്ലാന്റ് വാങ്ങുന്നതിനായി GEM ൽ തിരച്ചിൽ നടത്തിയപ്പോൾ R O പ്ലാന്റ് മാത്രമായുള്ള കാറ്റഗറിക്കു പകരം Water ATM എന്ന എന്ന കാറ്റഗറിയിൽ R O പ്ലാന്റ് ഉൾപ്പെട്ടതിനാലാണ് ടെണ്ടർ നൽകിയതെന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. മേൽ മറുപടി തൃപ്തികരമല്ല. ആയതിനാൽ മേൽ ഇനങ്ങൾ തമ്മിലുള്ള വിലയിലുള്ള വ്യത്യാസം കണക്കാക്കി അധികം നൽകിയ തുക ടെണ്ടർ സ്വീകരിച്ച സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈയിനത്തിൽ ചെലവഴിവഴിച്ച ₹ 9,97,000/- തടസത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് എൻകയറി നമ്പർ - 09/07.11.25




ടെൻഡർ പ്രകാരം ഹാജരാക്കിയ Drinking Water ATM-ന്റെ സ്പെസിഫിക്കേഷൻ



സ്കൂളുകളിൽ സ്ഥാപിച്ച R O പ്ലാന്റ്

1-21 വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹ 47453 തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. 24/ 25 - വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ

അടങ്കൽ - 80,000/- (വികസന ഫണ്ട്)

- 20,000/- (തനത് ഫണ്ട്)

ചെലവ് - 40143/- (വൗച്ചർ നം 22400861/ 10.12.24)

7310/- (വൗച്ചർ നം 22400759/ 11.11.24)

വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ എസ് ഇ ബി യിൽ മേൽ വൗച്ചറുകൾ പ്രകാരം തുക ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻകയറിക്ക്, വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് കെ എസ് ഇ ബി-ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹ 47453/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ - 17/12.11.25

1-22 കൃഷിക്കുമുളക് പ്രോജക്ട്-നിർവഹണത്തിൽ അപാകതകൾ

പ്രോജക്ട്, നമ്പർ	കൃഷി കുമുളക് കൃഷി വ്യാപനം- എസ്.സി.പി 202/25
അടങ്കൽ	475040/- വികസന ഫണ്ട് എസ്.സി.പി 25005/- തനത്ഫണ്ട് 167205/- ഗുണഭോക്തൃ വിഹിതം
ചെലവ്	182819/- വികസന ഫണ്ട് എസ്.സി.പി

	23643/- ഗ്രണഭോക്തൃ വിഹിതം
ബിൽ വിവരങ്ങൾ	1.112112/-6/19.03.25 2.70707/-07/27.03.25 3.23643/-633/26.03.25

പ്രോജക്ട്, നമ്പർ	കുറ്റി കുരുമുളക് കൃഷി വ്യാപനം- ജനറൽ 98/25
അടങ്കൽ	1350000/- വികസനഫണ്ട് ജനറൽ 440/- തനത്ഫണ്ട് 451560/- ഗ്രണഭോക്തൃ വിഹിതം
ചെലവ്	764400/- വികസനഫണ്ട് ജനറൽ 255600/- ഗ്രണഭോക്തൃ വിഹിതം
ബിൽ വിവരങ്ങൾ	1.327418/-04/14.03.25 2.436982/-05/17.03.25 3.255600/-622/24.03.25

കുരുമുളക് കൃഷി വ്യാപിപ്പിക്കുക, കൃഷിയിലൂടെ വരുമാന മാർഗ്ഗം കണ്ടെത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൃഷി ഓഫീസർ തൻവർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകളാണ് കുറ്റി കുരുമുളക് കൃഷി വ്യാപനം എസ്.സി.പി, ജനറൽ എന്നിവ. ആകെ ചെലവിന്റെ 75 ശതമാനം സബ്സിഡിയും 25 ശതമാനം ഗ്രണഭോക്തൃ വിഹിതവും ആയി ഫണ്ട് വിനിയോഗിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പോട്ടിംഗ് മിശ്രിതം നിറച്ച 5 മൺചട്ടികളിൽ 5 കുറ്റികുരുമുളക് തൈ അടങ്ങുന്ന ഒരു യൂണിറ്റാണ് ഗ്രണഭോക്താവിന് വിതരണം ചെയ്തത്. മണ്ണാശ്ശേരിൽ അഗ്രികൾച്ചർ ഫാമിൽ നിന്നാണ് ചട്ടിയോടുകൂടിയ തൈകൾ വാങ്ങിയിട്ടുള്ളത്. ബില്ലിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇൻവോയിസ് വിവരങ്ങൾ	എണ്ണം, നിരക്ക്	വില	വികസനഫണ്ട് ചെലവ്	ഗ്രണഭോക്തൃ വിഹിതം
1	9479/17.03.25	880 (176 യൂണിറ്റ്), 170/-	149600/-	112112/- (176*637)	37488/- (176*213 തുക തൻവർഷം നൽകിയിട്ടില്ല)
2	9761/26.03.25	555 (111 യൂണിറ്റ്), 170/-	94350/-	70707/- (111*637)	23643/- (111*213)
3	9137/07.03.25	2570 (514 യൂണിറ്റ്), 170/-	436900/-	327418/- (514*637)	109482/- (514*213)
4	9281/11.03.25	3430 (686 യൂണിറ്റ്), 170/-	583100/-	436982/- (686*637)	146118/- (686*213)
	ആകെ	7435 (1487 യൂണിറ്റ്)			

മേൽ പ്രോജക്ട് പ്രകാരം കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1. കുറ്റി കുരുമുളക് ജനറൽ പ്രോജക്ടിനായി മൺചട്ടിയോടു കൂടിയ 1200 യൂണിറ്റ് തൈകളും കുറ്റി കുരുമുളക് എസ്.സി പ്രോജക്ട പ്രകാരം 287 യൂണിറ്റ് തൈകളും മണ്ണാശ്ശേരിൽ അഗ്രികൾച്ചറൽ ഫാമിൽ നിന്നും 170 രൂപ നിരക്കിൽ മാർച്ച് 2025 ൽ വാങ്ങിയിട്ടുണ്ട്. തൈകളുടെ പ്രായം സംബന്ധിച്ച വിവരങ്ങൾ പ്രോജക്ട് രൂപീകരണ ഫോറത്തിലോ തൈകൾ വാങ്ങിയ സ്ഥാപനത്തിൽ നിന്നും നൽകിയ ബിൽ രേഖകളിലോ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. പ്രായം സംബന്ധിച്ച രേഖകൾ/കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്ക് നൽകിയ എൻകയറിയ്ക്ക് മറുപടിയായി, വേരുവന്നതും 2 മാസം വളർച്ചയെത്തിയതുമായ തൈകളാണ് വാങ്ങിയിട്ടുള്ളതെന്ന് കൃഷി ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

സ.ഉ.(എം.എസ്.)നം. 115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 ഖ.3.1 പ്രകാരം മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത ഇനങ്ങളുടെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതുപ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 14ാം പഞ്ചവത്സര പദ്ധതി കാലയളവിലെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സാങ്കേതിക വിദഗ്ധസമിതിയുടെ 12.12.2024 ലെ യോഗത്തിൽ 102 ഇനങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിലേക്കായി മേൽ നടപടി പ്രകാരം നിശ്ചയിച്ച നൽകിയ യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം നിരക്കിൽ തൈകൾ വാങ്ങി. 12.12.2024ലെ ജില്ലാതല വിദഗ്ധ സമിതിയുടെ തീരുമാന പ്രകാരം മൺചട്ടിയോടു (24*40) കൂടിയ 2 മാസം വളർച്ചയെത്തിയ കുറ്റി കുരുമുളക് തൈ ഒന്നിന് 100 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം തൈകൾ വാങ്ങിയിരിക്കുന്നത് 170/- രൂപ നിരക്കിലാണ്. യൂണിറ്റ് കോസ്റ്റിൽ നിന്നും അധികം നിരക്കിൽ തൈകൾ വാങ്ങിയതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകയറിയ്ക്ക്, മേൽ പദ്ധതികൾക്കായി വാങ്ങിയിരിക്കുന്നത് 12 ഇഞ്ച് വലിപ്പമുള്ള മൺചട്ടിയിൽ പോട്ടിംഗ് മിശ്രിതത്തോടു കൂടിയ കുറ്റികുരുമുളക് തൈകളാണെന്നും, 12.12.2024-ലെ മേൽ സൂചിപ്പിച്ച ഉത്തരവിൽ ചില ഇനങ്ങൾക്ക് ഭേദഗതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 24.03.25 ലെ ADFW/PAO/KLM/2690/2024-T.B(3) നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 24.03.25 ലെ പിഎൽജി-612/22/ഡിപിസി/ഡിപിഒ/കെ.എൽ.എം. നമ്പർ ഉത്തരവ് പ്രകാരം 12 ഇഞ്ച് വലിപ്പമുള്ള മൺചട്ടിയിൽ പോട്ടിംഗ് മിശ്രിതത്തോടുകൂടിയ കുറ്റികുരുമുളക് തൈ ഒന്നിന് യൂണിറ്റ് കോസ്റ്റ് 250/- രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നും ആയതിനാൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ അധികം നിരക്കിൽ തൈകൾ വാങ്ങിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി.

എന്നാൽ 12.12.24 ലെ ഉത്തരവിലെ യൂണിറ്റ് കോസ്റ്റ് നിരക്കുകൾക്ക് ഭേദഗതി മാത്രമാണ് 24.03.25 ലെ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 12.12.24 ലെ ഉത്തരവിൽ 24*40 ഇഞ്ച് വലിപ്പമുള്ളതും 2 മാസം വളർച്ചയെത്തിയതുമായ തൈകൾക്ക് 100/- രൂപയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച നൽകിയിട്ടുള്ളത്. കൃഷി ഓഫീസർ നൽകിയ സാക്ഷ്യപത്രത്തിൽ തൈകൾക്ക് 2 മാസം വളർച്ചയുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. 24.03.25 ലെ ഈ ഉത്തരവിൽ 250/- രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച നൽകിയ കുറ്റികുരുമുളക് തൈയുടെ (12 ഇഞ്ച് മൺചട്ടി) പ്രായം എത്രയെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാലും, വാങ്ങിയ മൺചട്ടിയുടെ വലിപ്പം പ്രോജക്ട് രൂപീകരണ ഫോറത്തിലോ തൈകൾ വാങ്ങിയ സ്ഥാപനത്തിൽ നിന്നും നൽകിയ ബിൽ രേഖകളിലോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും മേൽ മറുപടി അംഗീകരിക്കത്തക്കതല്ല. പ്രോജക്ട് വിഭാവനം ചെയ്യുന്ന സമയത്തുതന്നെ വാങ്ങൽ നടത്തുന്ന ഇനങ്ങളുടെ വ്യക്തമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തേണ്ടതും ആയതിനനുസരിച്ച് വാങ്ങൽ നടത്തുന്നതിനും മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ - 15/11.11.25, 21/13.11.25

1-23 വയോജനങ്ങൾക്ക് ഗ്ലൂക്കോസ് സ്ട്രിപ്പ് വാങ്ങിയത് - സ്റ്റോക്ക് രജിസ്റ്റർ ഹാജരക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ	ഹോമിയോ മെഡിക്കൽ ഓഫീസർ
പദ്ധതി വിവരം	വയോജനങ്ങൾക്ക് ഗ്ലൂക്കോസ് സ്ട്രിപ്പ് വാങ്ങൽ (പ്രോജക്ട് നം.144/25) (സ്പിൽ ഓവർ)
അടങ്കൽ തുക	100000/- രൂപ (വികസന ഫണ്ട്)
ചെലവ് തുക	95956/- രൂപ (വികസന ഫണ്ട്)

2024-25 വർഷം മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവഹണം നടത്തിയ പദ്ധതിയാണ് വയോജനങ്ങൾക്ക് ഗ്ലൂക്കോസ് സ്ട്രിപ്പ് വാങ്ങൽ. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ബയോമാക്സ് സൊല്യൂഷൻസ്, കരുനാഗപ്പള്ളി യിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുള്ളതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ഫണ്ടിനം	ബയോമാക്സ് സൊല്യൂഷൻസിന് നൽകിയ തുക (രൂപ)	ബിൽ നം./ തീയതി	GHD, സപ്ലൈ ഓർഡർ നം./തീയതി	ലഭിച്ച ഗ്ലൂക്കോസ് സ്ട്രിപ്പുകളുടെ വില (രൂപ)
144/25-വയോജനങ്ങൾക്ക് ഗ്ലൂക്കോസ് സ്ട്രിപ്പ് വാങ്ങൽ	95956/-	3/08.01.2025	20/2023/ GHDO/02D23 DTD 21.12.2024	95956/-

ഗ്ലൂക്കോസ് സ്ട്രിപ്പുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 23/13.11.2025

1-24 സ്മാർട്ട് അങ്കണവാടി പ്രോജക്ട്-നിർവഹണത്തിൽ അപാകതകൾ

പ്രോജക്ട്, നമ്പർ	93/25
അടങ്കൽ	1000000/- മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം
ചെലവ്	729218/-
ബിൽ വിവരങ്ങൾ	1.372991/-22/24.03.25 2.356227/-23/25.03.25

തൻവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് സ്മാർട്ട് അങ്കണവാടി അനുബന്ധ സൌകര്യം ഒരുക്കൽ. സ്വന്തം കെട്ടിടമുള്ള 11 അങ്കണവാടികളുടെ സ്ഥല സൌകര്യത്തിനനുസരിച്ച് ഇന്റീരിയർ ഫർണ്ണിഷിംഗ് ചെയ്ത് അങ്കണവാടികളെ സ്മാർട്ട് അങ്കണവാടി നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് ലക്ഷ്യം. ടെണ്ടർ/ക്വട്ടേഷൻ നടപടികൾ കൂടാതെ വാങ്ങൽ നടത്തുവാൻ അനുവാദമുള്ള സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങൽ നടത്തുക എന്നാണ് പ്രോജക്ട് രൂപീകരണ ഫോറത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ നടപടികളിലൂടെ ആർട്കോയിൽ നിന്ന് വാങ്ങൽ നടത്തിയിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 45/ICDS/ORA/2024 -23 നമ്പർ ക്വട്ടേഷൻ നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്തിട്ടില്ല. പഞ്ചായത്ത് ഓഫീസിന്റെയും ഐ.സി.ഡി.എസ് ഓഫീസിന്റെയും നോട്ടീസ് ബോർഡിൽ പതിപ്പിക്കുക മാത്രമാണ് ചെയ്തത്.

2. ആർട്ട്കോയിൽ നിന്ന് 729218/- രൂപയ്ക്കാണ് തൻവർഷം 13 ഇന്റീരിയർ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. സ്റ്റോർപർച്ചേസ് മാനുവലിലെ ഖ. 1-9 മുതൽ 1-15 വരെ E-Procurement നടപടികളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. സ.ഉ.എം.എസ്.നം-13/2015//ltd Dtd12/5/15 പ്രകാരം 500000/- രൂപക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ഇ-പ്രൊക്യൂർമെന്റ് ബാധകമാക്കിയിട്ടുമുണ്ട്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചില്ല.

വാങ്ങൽ നടപടികൾ സ്റ്റോർപർച്ചേസ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് നടത്തുന്നതിന് വരുംവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ 13/10.11.25

1-25 ഹെൽത്ത് ഗ്രാന്റ് അവലോകനം

സ.ഉ.(സാധാ) നം.2132/2022/LSGD തീയതി, 31-08-2022 പ്രകാരം 2021-22 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2021 മുതൽ 2026 കാലയളവ് വരെയാണ് ഹെൽത്ത്ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെ സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	ബാലൻസ്
	2021-22	2022-23	2023-24	2024-25		2021-22	2022-23	2023-24	2024-25		
Support For Diagnostic Infrastructure	411616	977000	697000	0	2090616	395916	656067	0	0	1051983	10398633
Grant For Rural Health & Wellness Centers	243883	406000	646000	0	1295883	198283	406000	0	0	604283	691600
Construction Of Buildings For Health Sub Centers		2775000	0	2775000	5550000	0	2769012	0	981922	3750934	179906

ആകെ	660499	4158000	1343000	2775000	8936499	594199	3831079	0	981922	5407200	3529299

Support For Diagnostic Infrastructure എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് സ്കീം-3 പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകകളുടെ വിവരംചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ചെലവഴിച്ച തുക				ആകെ
		2021-2022	2022-2023	2023-2024	2024-2025	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	0/-	0	401685	279382	681067/-
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക	0/-	0	0/-	0/-	0
3	ഉപകരണങ്ങൾ, കിറ്റുകൾ, റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക	0	241616	11930	0/-	360916
4	ഉപകരണങ്ങളുടെ മെയിന്റനൻസ്	0	0	0	0	0
5	ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം	0	10000	0	0	10000
6	ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ	0	0	0	0	0
	ആകെ	0	251916	520985	279382	1051983

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ചെലവഴിച്ച തുക				ആകെ
		2021-2022	2022-2023	2023-2024	2024-25	
1	പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ	0	46056	10597	0	56653
2	ഇന്റർനെറ്റ് ചാർജ്	0	26724	77790	0	104514
3	ബോധവൽക്കരണ ക്ലാസ്സുകൾ	0	0	0	0	0
4	ജീവനക്കാർക്കും ആശാ വർക്കർമാർക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം	0	0	0	0	0
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക	0		335280	107836	4431116
	ആകെ	0	72780	423667	0	604283

2021-2026 കാലയളവിലേയ്ക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് കാര്യക്ഷമമായും പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-26 ജൽജീവൻമിഷൻ അവലോകനം

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് 2024 ആകുമ്പോഴേക്കും ഇന്ത്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധമായ കുടിവെള്ളം ആവശ്യാനുസരണം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ ലഭ്യമാക്കുക എന്നുള്ള ദൗത്യമാണ് ജൽജീവൻ മിഷന്റേത്. ഈ പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക സംവിധാനം 50% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും 15% തദ്ദേശ സർക്കാരും (ഗ്രാമ പഞ്ചായത്ത്) 10% ഗുണഭോക്താവും എന്ന നിലയിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ നടപ്പിലാക്കിയ പദ്ധതിയിൽ കുടിവെള്ളം വീട്ടുമുറ്റത്ത് എത്തിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകിയത് നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി ആണ്.

ജൽജീവൻ മിഷൻ പദ്ധതിക്കായി 2021-22 മുതൽ 2024-25 വരെ പദ്ധതി നടപ്പിലാക്കുന്നതിന് താഴെ പറയും പ്രകാരം തുക അടങ്കൽ വച്ചെങ്കിലും പദ്ധതികൾ ഒന്നും തന്നെ നടപ്പിലായിട്ടില്ല.

ക്രമ നം	വർഷം	പദ്ധതിയുടെ പേര്	അടങ്കൽ	കൈമാറിയ തുകയുടെ വിശദാംശം
1	2021-22	ജൽജീവൻ മിഷൻ പ്രോജക്ട്നം-69/22	തനത് ഫണ്ട്-340000/-	കൈമാറി നൽകിയിട്ടില്ല
2	2022-23	ജൽജീവൻ മിഷൻ പ്രോജക്ട്നം-82/23	തനത് ഫണ്ട്- 500000/-	കൈമാറി നൽകിയിട്ടില്ല
3	2023-24	ജൽജീവൻ മിഷൻ പ്രോജക്ട്നം-12/24	തനത് ഫണ്ട്- 500000/-	കൈമാറി നൽകിയിട്ടില്ല
4	2024-25	ജൽജീവൻ മിഷൻ പ്രോജക്ട്നം-25/25	തനത് ഫണ്ട്- 500000/-	കൈമാറി നൽകിയിട്ടില്ല

1. 2021-22 മുതൽ 2024-25 വരെ ജൽജീവൻ പദ്ധതിക്ക് തുക വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 2021-22 വർഷം മുതൽ നാളിതുവരെ നടത്തിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റോ തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലോ ലഭ്യമാകാത്തതിനാൽ തുക കൈമാറാൻ കഴിഞ്ഞിട്ടില്ല.
2. 2021-22 മുതൽ 2024-25 വർഷം വരെ പഞ്ചായത്ത് വിഹിതമായി യാതൊരു തുകയും ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടില്ല. എം.എൽ.എ ഫണ്ടിൽ നിന്നും ജൽജീവൻ മിഷനായി തുകയൊന്നും ലഭിച്ചിട്ടില്ല.
3. റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ തുക വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
18	111000/-	111000/-	0	

(1-4-24 മുതൽ 31-3-25 വരെയുള്ള സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24 മുതൽ 30-6-24-വരെയുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

		അല്ലെങ്കിൽ 7/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	ഒടുക്കിയ തുക		
ബാധകമല്ല					

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/7/24 മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24 മുതൽ 31/3/25 നുളളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	ഓഗസ്റ്റ് 24.08.2024	1500/-	1500/-	ഇല്ല	

ആകെ 112500/- രൂപ മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കി ഒടുക്കിയിട്ടുണ്ട്. 03/2025 ലെ ഒടുക്കു വരുത്തുവാനുള്ള പ്രീമിയം തുക 9500/- രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	05.11.25-06.11.25	കെ.എസ്.എ.കെ.എൽ.എം.പി.8/2286/25 തീയതി 18.12.2025

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	800000/-	ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ-149/25,SO)	800000/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	247140/-	ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ-29/25)	247140/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	200000/-	ലൈഫ് വസ്തു വാങ്ങൽ (ജനറൽ-44/25)	200000/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	475000/-	ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ (89/25)	475000/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	800000/-	പാവൂർ ജംഗ്ഷൻ, അമ്പാടി ജംഗ്ഷൻ, വയനകം മാർക്കറ്റ് ,വായനശാലാമുക്ക് റീടാറിംഗ് വാർഡ് 5(166/25)	800000/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	531645/-	പാലിന് സബ്സിഡി (ജനറൽ-15/25)	531645/-	0
ജില്ലാ പഞ്ചായത്ത്	2024-25	1360000/-	ലൈഫ് ഭവന നിർമ്മാണ പദ്ധതി- (ജനറൽ-149/25)	1360000/-	0

ജില്ലാ പഞ്ചായത്ത്	2024-25	159700/-	ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ	159700/-	0
ജില്ലാ പഞ്ചായത്ത്	2024-25	165729/-	പാലിന് സബ്സിഡി (ജനറൽ-15/25)	165729/-	0
ജില്ലാ പഞ്ചായത്ത്	2024-25	178470/-	പാലിന് സബ്സിഡി (ജനറൽ-114/25,SO)	178470/-	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കെ.എസ്.ഇ.ബി.	വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	7310/- - BKIDN-24317903382 40143/- BKIDY24346882536	47453/-	0/-	47453/-
മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്	തഴത്തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷണം	BKIDA25071182635	10000000/-	10000000/-	0/-

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-6 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4807492/- രൂപ വരവുണ്ട്. 5932860/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	തൻവർഷവായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	-	4807492/-	3,55,17,192/-	3402138/-	-	36922546/-

4-7 സ്ഥിര നിക്ഷേപം

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച *26358/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക	ഈടാക്കിയ തുക (₹)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം/തീയതി
2023-24	1-21	3090	ശാന്തി ആർ., മുൻ വി.ഇ.ഒ.	1241004891/22.11.24

*23268/- രൂപ (1241001509/22.11.24) കോട്ടയം ജില്ലാ ഓഡിറ്റ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17.08.24 ലെ KSA/KTM.P19/1132/2024 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ, അധികമായി നൽകിയ ശമ്പളം തിരികെ ഒടുക്കു

വരുത്തിയതാണ്.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-2003	3-1	2006-2007	3-12-1	എഫ്.റ്റി.എസ്. സൂപ്പർ ആനുവേഷന് ശേഷം സർവീസിൽ തുടർന്നു.	പരാമർശം നിലനിൽക്കുന്നു.

4-10 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	57695/-	ഡോ.സുബിമോൾ കെ.ബി, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-20	9,97,000/-	ശ്രീ. കെ ജയകുമാർ, അസി. എൻജിനീയർ
1-21	47453	ശ്രീ. ശ്രീരാജ് ആർ, സെക്രട്ടറി
ആകെ	11,02,148/-	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം)	സ്ഥിരം മേൽവിലാസം
ഡോ. സുബിമോൾ കെ.ബി, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, (ഹോമിയോ)	കുത്തപ്പിള്ളി ഹൗസ്, പള്ളിപോർട്ട് പി.ഒ., പള്ളിപ്പുറം, എറണാകുളം-683515
ശ്രീ കെ ജയകുമാർ, അസി. എൻജിനിയർ	അസി. എൻജിനിയർ	ജ്യോതിസ്, വെറ്റിലത്താഴം, കൊല്ലം
ശ്രീ. ശ്രീരാജ് ആർ, സെക്രട്ടറി	സെക്രട്ടറി, ഓച്ചിറ ഗ്രാമപഞ്ചായത്ത്	മാണിയാമ്പള്ളിൽ, മരു.തെക്ക്, ആലുംകടവ്

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1995-96	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി. 21/2/18	7
1996-97 & 1998-99	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി. 21/2/18	1
2001-2002	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	1
2002-2003	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	2
2003-2004	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	1
2004-2005	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	4
2005-2006	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	1
2007-2008	കെ.എസ്.എ.കെ.എൽ.എം.പി 8/722(1)/19 തീയതി. 29/05/2019	1
2008-2009	കെ.എസ്.എ.കെ.എൽ.എം.പി 8/722(2)/19 തീയതി.29/05/2019	3
2009-2010	കെ.എസ്.എ.കെ.എൽ.എം.പി 8/722(3)/19 തീയതി.29/05/2019	3
2015-16	കെ.എസ്.എ.കെ.എൽ.എം-പി8/അദാലത്ത് 2015-16/200/22; 22.08.22	3
2016-17	കെ.എസ്.എ.കെ.എൽ.എം-8/1976/17;25.4.2018	11
2017-18	കെ.എസ്.എ.കെ.എൽ.എം-പി8/1894/18;14/3/19-28/3/19	24
2018-19	കെ.എസ്.എ.കെ.എൽ.എം.പി8/1034/19/22/05/20	10
2019-20	കെ.എസ്.എ.കെ.എൽ.എം-പി8/1277/21, 12-11-21 /19-01-22	12
2020-21	കെ.എസ്.എ.കെ.എൽ.എം-പി8/8/1276/ 21, 19/03/2022	23
2021-22	കെ.എസ്.എ.കെ.എൽ.എം-പി8/1833/22 തീയതി 31.12.2022	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്.എ.കെ.എൽ.എം-പി8/2233/2023 തീയതി 28/12/2023	എല്ലാ ഖണ്ഡികകളും
2023-24	കെ എസ് എ .കെ എൽ എം -പി.8/2204/24, തീയതി 09/12/2024	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 5(1) dated 28-07-2025 and submitted on 31-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Oachira Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Oachira Grama Panchayat as on 31-03-2025

Date: 18/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Oachira Grama Panchayat for the Year 2024-2025.

1.Major Observations

Nil.

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios, Notes on accounts

2. Advance collection of revenues- rent has not been recorded in register.
3. MGNREGS wages amount as per AFS is different from cash book.
4. Urban acclomation fund expenditure has not been included in AFS.
5. Health grant acct. no-847110110008350 has not been included in AFS.
6. Capital work in progress amount is not accurate.
7. Deposit work in urban acclomation fund has not been included in AFS.
8. Details of beneficiary contribution amount in balance sheet were not explained.
9. Prepaid expense amount in loan register is not in agreement with AFS.
10. Details of grant fund from other govt agencies, other financial institution in the B-4 statement were not explained.
11. CFC tied & untied as per B-4 is not in agreement with 40(B).

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.